**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1262** — **10-10-2024 - ൽ മറുപടിയ്ക്ക്**

**പി.ഡബ്ല്യൂ.ഡി റെസ്റ്റ് ഹൗസുകളിൽ ജി.എസ്.ടി.**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ഐ. സി. ബാലകൃഷ്ണൻ** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്**<br>**(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ പി.ഡബ്ല്യൂ.ഡി റെസ്റ്റ് ഹൗസുകളിൽ മുറികൾ വാടകയ്ക്ക് നൽകുമ്പോൾ ജി.എസ്.ടി. ഈടാക്കാറുണ്ടോ; ഇത് സംബന്ധിച്ച് സി.&എ.ജി.-യുടെ ആഡിറ്റ് ഒബ്ജക്ഷന് മറുപടി നൽകിയോ; | (എ) | **സംസ്ഥാനത്തെ പൊതുമരാമത്ത് വകുപ്പ് വിശ്രമ കേന്ദ്രങ്ങളിൽ മുറികൾ വാടകയ്ക്ക് നല്കുമ്പോൾ നിലവിൽ ജി. എസ്. ടി ഈടാക്കുന്നില്ല. പൊതുമരാമത്ത് വിശ്രമ കേന്ദ്രങ്ങളുടെ പ്രവർത്തനം സംസ്ഥാന സർക്കാർ സേവനങ്ങളുടെ പരിധിയിൽ വരുന്ന പക്ഷം വാടകയിൽ ജി. എസ്. ടി ഉൾപ്പെടുത്തേണ്ടതുണ്ടോ എന്നുള്ള വിഷയത്തിൽ വ്യക്തത വരുത്തുന്നതിലേക്കായി കെട്ടിട വിഭാഗം ചീഫ് എഞ്ചിനീയർ, കേരള സ്റ്റേറ്റ് ജി. എസ്. ടി കമ്മീഷണർക്ക് കത്ത് നല്കുകയും ആയതിന് 05/10/2024 തീയതിയിലെ SGST/6599/2024-PLC11 കത്ത് പ്രകാരം റസ്റ്റ് ഹൗസുകളുടെ വാടകയെ ജി.എസ്.ടി യുടെ പരിധിയിൽ നിന്നും ഒഴിവാക്കാൻ ജി.എസ്.ടി കമ്മീഷണർ ശിപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിൽ ആഡിറ്റ് ഒബ്ജക്ഷന് മറുപടി സമർപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.** |
| (ബി) | പി.ഡബ്ല്യൂ.ഡി റെസ്റ്റ് ഹൗസുകളിൽ കരാറിലൂടെ പ്രവർത്തിക്കുന്ന എത്ര ഭക്ഷണ ശാലകൾ നിലവിലുണ്ട്; ഇവയുടെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ? | (ബി) | പൊതുമരാമത്ത് വകുപ്പ് വിശ്രമ കേന്ദ്രങ്ങളിൽ കരാറിലൂടെ പ്രവർത്തിക്കുന്ന ഭക്ഷണ ശാലകളുടെ ജില്ലാ തിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| ക്രമ നമ്പർ | ജില്ല | എണ്ണം | വിശ്രമ കേന്ദ്രങ്ങൾ |
|---|---|---|---|
| 1 | തിരുവനന്തപുരം | 3 | നെടുമങ്ങാട് , തൈക്കാട് , പാറശ്ശാല |
| 2 | കൊല്ലം | 6 | ചാത്തന്നൂർ, കൊല്ലം, കുളത്തുപ്പുഴ,അച്ചൻകോവിൽ, ശാസ്താംകോട്ട, കരുനാഗപ്പള്ളി |
| 3 | പത്തനംതിട്ട | 1 | പത്തനംതിട്ട |
| 4 | ആലപ്പുഴ | 4 | ആലപ്പുഴ, ചെങ്ങന്നൂർ, കായംകുളം, മാവേലിക്കര |
| 5 | കോട്ടയം | 2 | പാലാ, വൈക്കം |
| 6 | ഇടുക്കി | 2 | മൂന്നാർ, തൊടുപുഴ |
| 7 | എറണാകുളം | 4 | കാക്കനാട്, എറണാകുളം, പത്തടിപ്പാലം, നോർത്ത് പറവൂർ |
| 8 | തൃശ്ശൂർ | 2 | തൃശ്ശൂർ, കൊടുങ്ങല്ലൂർ |
| 9 | പാലക്കാട് | 0 | – |
| 10 | കോഴിക്കോട് | 0 | – |
| 11 | മലപ്പുറം | 0 | – |
| 12 | വയനാട് | 1 | കൽപ്പറ്റ |
| 13 | കണ്ണൂർ | 1 | തലശ്ശേരി |
| 14 | കാസറഗോഡ് | 1 | കാസറഗോഡ് |
| **ആകെ** | | **27 എണ്ണം** | |